

കേൾക്കേണ്ട ശബ്ദം:

ഫുട്ബോൾ ജീവിതം തന്നെയാണ്. ജീവിതത്തിന്റെ സകല പ്രതിസന്ധികളും അനിശ്ചിതത്വങ്ങളും സാഫല്യങ്ങളും ആഘോഷങ്ങളും സുഖങ്ങളും ദുഃഖങ്ങളും ഫുട്ബോളിലുമുണ്ട്.

- പി.ടി. ബേബി

(മാതൃഭൂമി സ്പോർട്സ്)

മക്തബ്

1193 എടവം 23 1439 റംസാൻ 21

വിഷമയമാകുന്ന മൽസ്യം

മുലപ്പാൽ വിഷമയമാകുന്ന ഒരു സമൂഹത്തിൽ മൽസ്യ സമ്പത്തിൽ വിഷം കലരുന്നതിൽ അത്ഭുതമൊന്നുമില്ല. (കുഞ്ഞെ, മുലപ്പാൽ കുടിക്കരുത്... എന്ന് കടമ്മനിട്ട കവിത). ഏതോ ഒരു സിനിമയിൽ മോഹൻലാൽ കഥാപാത്രം പറഞ്ഞതുപോലെ, " ഒരു തരത്തിലും ജീവിക്കാൻ വിടില്ല അല്ലേ" എന്നതാണ് വർത്തമാന കേരളീയ ജീവിതത്തിന്റെ അവസ്ഥ. ഏറ്റവും ഒടുവിൽ പുറത്തുവന്നിരിക്കുന്ന വാർത്ത നമ്മൾ കഴിക്കുന്ന മൽസ്യത്തിൽ പോലും മാരകമായ അളവിൽ രാസവസ്തു കലർന്നിട്ടുണ്ടെന്നാണ്. സംസ്ഥാനത്തെ ഫിഷ് സ്റ്റാളുകളും ചന്തകളും കേന്ദ്രീകരിച്ച് കർശന പരിശോധന നടത്തുമെന്ന് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് എന്ത് കാര്യം. മൽസ്യ മാർക്കറ്റുകളിൽ എത്തുന്ന മൽസ്യങ്ങൾ തന്നെ രാസവസ്തുക്കൾ ചേർന്നതാണ്. ഈ സാഹചര്യത്തിൽ വിൽപ്പനക്കാരെ പിടികൂടി നിയമ നടപടി സ്വീകരിച്ചതുകൊണ്ട് കാര്യമില്ല. നടപടി വേണ്ടത് ഉറവിട കേന്ദ്രത്തിലാണ്. അതിന് അധികാരികൾ തയ്യാറാകുകയുമില്ല. കാരണം ഭരണാധികാരികൾ പിന്തുടരുന്ന നയങ്ങൾ തന്നെയാണ് മൽസ്യ സമ്പത്തിനെ ഇവ്വിധമാക്കുന്നത്.

1990കൾക്ക് മുമ്പുവരെ നല്ല മൽസ്യം ഭക്ഷിക്കാൻ കേരളീയർക്ക് ഭാഗ്യമുണ്ടായിരുന്നു. അക്കാലം വരെ നമ്മുടെ ചുറ്റുവട്ടത്തുള്ളതും അല്ലെങ്കിൽ സമീപത്തുള്ളതുമായ കടലുകളിൽ നിന്ന് ശേഖരിക്കുന്ന മൽസ്യങ്ങൾ നമുക്ക് ഉപയോഗിക്കാൻ ലഭിച്ചിരുന്നു എന്നതാണ്. പരമാവധി ചെയ്യുന്നത് മൽസ്യം ഐസിലിടുക എന്നതാണ്. രണ്ടോ, മൂന്നോ ദിവസം വരെ മാത്രമേ മൽസ്യം ഐസിലിട്ട് സൂക്ഷിക്കാൻ കഴിയൂ. അതുകൊണ്ട് അധികം പഴക്കമില്ലാത്ത മൽസ്യം ലഭിക്കുമായിരുന്നു. അക്കാലത്ത് മൽസ്യത്തിന് സ്വാദുമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ലഭിക്കുന്ന മൽസ്യത്തിൽ ഏറെ പങ്കിനും മൽസ്യത്തിന്റെ സ്വാദില്ല എന്നത് നമ്മുടെ അനുഭവമാണ്. എന്തുകൊണ്ട് ഇങ്ങിനെയൊരു സ്ഥിതി വിശേഷം ഉണ്ടായി എന്നാണ് പരിശോധിക്കേണ്ടത്.

വികസനത്തിന് പകരമായി സ്വന്തം ജീവിതം തന്നെ സമർപ്പിക്കേണ്ടി വരുന്ന 'വികസനയുഗ'ത്തിലേക്ക് നമ്മുടെ രാജ്യവും എത്തിയതിന്റെ പരിണിത ഫലമാണിത്. കൂറ്റൻ മൽസ്യബന്ധന കപ്പലുകൾ കടൽ സമ്പത്ത് കൊള്ളയടിക്കാൻ തുടങ്ങിയതോടെയാണ് ഈ അവസ്ഥ സംജാതമായത്. നാടൻ വള്ളങ്ങളെ പിന്തള്ളി കുത്തകകൾ കടലിൽ നിന്ന് മൽസ്യ സമ്പത്ത് മുഴുവൻ കോരിയെടുക്കുകയാണ്. കുത്തകകളുടെ കപ്പലുകൾ മൽസ്യബന്ധനത്തിന് പുറപ്പെട്ടാൽ മാസങ്ങൾക്ക് ശേഷമാണ് തിരിച്ചെത്തുക. പിടികൂടിയ മൽസ്യങ്ങളെ മാസങ്ങളോളം കേടുകൂടാതെ സൂക്ഷിക്കാൻ ഫോർമലിൽ തുടങ്ങിയ രാസവസ്തുക്കൾ ഉപയോഗിക്കുന്നു. ഇങ്ങനെയുള്ള മൽസ്യങ്ങളാണ് നമ്മുടെ വിപണിയിൽ എത്തുന്നവയിൽ ഏറെയും. അതാണ് അടിസ്ഥാന പ്രശ്നം. അത് തടയാൻ ഏത് ഭരണാധികാരിക്കാണ് കഴിയുക.

രാസവസ്തുകലർന്ന മൽസ്യം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒരുവശത്ത്. മറുവശത്ത് മൽസ്യ സമ്പത്ത് തന്നെ ഇല്ലാതായി കൊണ്ടിരിക്കുന്നുവെന്ന പ്രശ്നവും. കുഞ്ഞുമൽസ്യങ്ങളെ പോലും കുത്തകകൾ കോരിയെടുത്ത് നശിപ്പിക്കുകയാണ്. ഭൂമുഖത്തെ ഒട്ടനവധി ജീവികളുടെ വംശനാശത്തിന് ഇടയാക്കിയ ദുരമൂത്ത ലാഭക്കൊതി മൽസ്യ സമ്പത്തിന്റെ നാശത്തിന് കൂടി വഴിയൊരുക്കുകയാണ്.

ഭരണാധികാരികൾക്ക് മാത്രമല്ല, ജനങ്ങളിൽ വലിയൊരു വിഭാഗത്തിനും തിരിച്ചറിയാൻ കഴിയാതിരിക്കുന്നത് ഭ്രാന്തമായ ഈ വികസനത്തിന്റെ രാഷ്ട്രീയമാണ്. ജനങ്ങളുടെ ജീവിതത്തെ രോഗാതുരമാക്കുന്നതായിരിക്കരുത് വികസനം. ശുദ്ധവായുവും ശുദ്ധ ജലവും സംരക്ഷിക്കുക എന്നതാണ് വികസനത്തിന്റെ ഏറ്റവും പ്രധാന അജണ്ടയായിരിക്കേണ്ടത് എന്ന് പറയുന്നവരെ വികസന വിരുദ്ധർ എന്ന് ചാപ്പകുത്തുന്ന അവസ്ഥയാണല്ലോ ഇപ്പോൾ ആധിപത്യത്തിലിരിക്കുന്നത്. ഈ വികസന ഭ്രാന്തിന്റെ കാലത്ത് വിഷമയമല്ലാത്ത പച്ചക്കറികളും മൽസ്യവും ഇറച്ചിയുമൊക്കെ സ്വപ്നമായി അവശേഷിക്കും.

പച്ചക്കറികൾ വിഷമയമാണ് എന്ന തിരിച്ചറിവിൽ കേരളത്തിന്റെ പല ഭാഗങ്ങളിലും ജൈവ പച്ചക്കറി കൃഷി വ്യാപകമായിട്ടുണ്ട്. കേരളത്തിൽ സമീപകാലത്ത് ഉയർന്നുവന്ന ഏറ്റവും മികച്ച സാമൂഹ്യമുന്നേറ്റം ഈ മേഖലയിലാണ്. അതേപോലെ മൽസ്യബന്ധന മേഖലയിൽ നിന്ന് കോർപ്പറേറ്റുകളെ ആട്ടിയോടിക്കാനുള്ള പ്രസ്ഥാനമാണ് ഉയർന്നുവരേണ്ടത്. പരമ്പരാഗത മൽസ്യബന്ധന തൊഴിലാളികൾക്ക് കടലിന്റെ അവകാശം കൈമാറുക എന്നത് തന്നെയാണ് ഇക്കാര്യത്തിൽ ചെയ്യാനുള്ളത്.

നമ്മുടെ സമൂഹത്തിന്റെ വലിയൊരു കുഴപ്പം അധികാരികൾക്ക് വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമില്ലാത്തതാണ്. അധികാര വികേന്ദ്രീകരണത്തെ കുറിച്ച് എല്ലാവരും വാതോരാതെ സംസാരിക്കും. എന്നാൽ സമ്പത്തിന്റെ കേന്ദ്രീകരണത്തിന് വഴിവെക്കുന്ന നയങ്ങൾ നടപ്പിലാക്കുകയും ചെയ്യും. വികസന പ്രവൃത്തികളെന്ന് കൊട്ടിഘോഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എല്ലാം തന്നെ കോർപ്പറേറ്റുകൾക്ക് തീറെഴുതി കൊടുക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും കുത്തക മുതലാളിത്തത്തിന് എതിരെ വാചകമടിക്കുകയും ചെയ്യും.

സ്വയം സമ്പൂർണ്ണമായ ഗ്രാമങ്ങളാണ് ഇന്ത്യക്ക് വേണ്ടതെന്ന് പറഞ്ഞത് രാഷ്ട്രപിതാവാണ്. എന്നാൽ ഗാന്ധിജിയുടെ ഗ്രാമസ്വരാജിന്റെ തകരാർ നാടുവാഴിത്ത ഉൽപ്പാദന ബന്ധങ്ങളെ തകർക്കാത്തതും ജാതിമേധാവിത്തം നിലനിൽക്കുന്നതുമായ ഗ്രാമസ്വരാജായിരുന്നു. അതേസമയം സ്വയം സമ്പൂർണ്ണമായ ഗ്രാമങ്ങൾ എന്ന ആശയം പ്രസക്തവുമാണ്.

നാടുവാഴിത്ത ഉൽപ്പാദന ബന്ധങ്ങളെ തകർത്തെറിഞ്ഞും മുതലാളിത്ത സമ്പദ്വ്യവസ്ഥയെ കടപുഴക്കിയും വികേന്ദ്രീകൃത സമ്പദ്വ്യവസ്ഥ നടപ്പിലാക്കാനാകുമെന്ന് മാവോ സേ തൂങ്ങിന്റെ കാലത്തെ ചൈന പഠിപ്പിച്ചിട്ടുണ്ട്. ഇരുമ്പുരുക്ക് വ്യവസായങ്ങളെ പോലും കുടിൽ വ്യവസായമാക്കിയ ചരിത്രമുണ്ട് ആ രാജ്യത്തിന്. ഉൽപ്പാദനത്തിന്റെ അനിയന്ത്രിത വളർച്ചയല്ല, ആവശ്യവുമായി ബന്ധപ്പെട്ട ഉൽപ്പാദനമാണ് രാജ്യത്തിന്റെ പുരോഗതിയുടെ അടയാളമാക്കേണ്ടത്. ഇനി വരുന്ന തലമുറക്ക് ഇവിടെ ജീവിതം സാധ്യമോ എന്ന ആശങ്ക ഉയരുമ്പോൾ നാം ഇത്തരം കാര്യങ്ങളെ കുറിച്ചാണ് ഗൗരവതരമായ ആലോചനകൾ നടത്തേണ്ടത്.

ജനനേതാക്കളുടെ ലോകകപ്പ്

ലോകമാകെ ഒരു പന്തിന് പിറകേ ഓടുന്ന സമ്മോഹന കാലമാണ് ലോകകപ്പ് ഫുട്ബോൾ. റഷ്യൻ ലോകകപ്പിന് പന്തുരുളാൻ ദിനങ്ങൾ മാത്രം ബാക്കി നിൽക്കെ രാഷ്ട്രീയ നേതാക്കളുടെയും ജനപ്രതിനിധികളുടെയും വോട്ട് ആർക്കാണ്. ഇന്നു മുതൽ വായിക്കുക.

ഇനി 7 നാൾ

FIFA WORLD CUP RUSSIA 2018

എന്നും എപ്പോഴും അർജന്റീനക്കൊപ്പം

പി.പി. രാഘവൻ

(ശ്രീകണ്ഠപുരം നഗരസഭ ചെയർമാൻ)

കാൽപന്തുകളി കാണാൻ തുടങ്ങിയ കാലം മുതൽ ഇഷ്ട ടീം അർജന്റീനയാണ്. എങ്ങനെ ഇഷ്ടപ്പെട്ടുവെന്ന് ചോദിച്ചാൽ അങ്ങനെയങ്ങ് ഇഷ്ടപ്പെട്ടുപോയി. ഇത്തവണയും അർജന്റീനക്കൊപ്പമാണ്. മറ്റ് ടീമുകളോട് വെറുപ്പൊന്നുമില്ല. മെസിയാണ് ഇഷ്ടതാരം. അർജന്റീന കപ്പടിക്കുമെന്നാണ് വിശ്വാസം.

ഫുട്ബോളും ക്രിക്കറ്റും ഇഷ്ടമാണ്. എന്നാൽ തിരക്കു കാരണം പഴയതുപോലെ കളി കാണാൻ സമയമില്ല. എങ്കിലും ലോകകപ്പ് മൽസരങ്ങൾ പരമാവധി കാണും.

അർജന്റീന കപ്പടിക്കും

കെ. ഷാജു

(ആന്തൂർ നഗരസഭ വൈസ് ചെയർമാൻ)

ഈ ലോകകപ്പ് മെസിക്കുള്ളതാണ്. അർജന്റീന ഇക്കുറി കിരീടം ഉയർത്തുക തന്നെ ചെയ്യും. അർജന്റീനയാണ് വർഷങ്ങളായുള്ള ഇഷ്ട ടീം. മെസിയാണ് ഇഷ്ടതാരം.

കേരളത്തിൽ ലോകകപ്പ് ടെലിവിഷൻ സംപ്രേഷണം ചെയ്ത കാലം മുതൽ മുടങ്ങാതെ കാണാറുണ്ട്. ഇക്കുറി കടമ്പേരി വായനശാലക്ക് സമീപം നൂറോളം പേർക്ക് കളി കാണാവുന്ന ബിഗ് സ്ക്രീൻ സ്ഥാപിക്കുന്നുണ്ട്. പ്രൊജക്ടറും പന്തലും ഉൾപ്പെടെയുള്ള സംവിധാനവും ഒരുക്കും. ഔദ്യോഗിക തിരക്കുകൾക്ക് ഇടയിലും ഷാജുവിന്റെ മനസ് റഷ്യൻ ലോകകപ്പിന് പിറകേയുണ്ട്.

ഇഷ്ട ടീം ബ്രസീൽ, താരം നെയ്മർ

സി. മോഹനൻ

(ആലക്കോട് പഞ്ചായത്ത് വൈസ് പ്രസിഡണ്ട്)

ഇത്തവണ ബ്രസീൽ കിരീടം ഉയർത്തുമെന്നാണ് പ്രതീക്ഷ. എല്ലാ കാലത്തെയും ഇഷ്ട ടീം ബ്രസീൽ തന്നെയാണ്. കളിയുടെ സൗന്ദര്യമാണ് ബ്രസീലുമായി അടുപ്പിച്ചത്. നെയ്മറാണ് ഇപ്പോൾ ഇഷ്ടപ്പെട്ട കളിക്കാരൻ.

എന്ത് തിരക്കുണ്ടെങ്കിലും ലോകകപ്പ് ഫുട്ബോൾ മൽസരം കാണാറുണ്ട്. ഇത്തവണയും കാണും. ഖത്തറിൽ നടക്കുന്ന അടുത്ത ലോകകപ്പ് നേരിൽ കാണാൻ പോകാൻ ആഗ്രഹമുണ്ട്.

കുറുമാത്തൂർ കോരഞ്ചിറ കുടുംബസംഗമത്തിൽ പങ്കെടുത്തവർ

പട്ടുവത്തെ 12 ഏക്കറിൽ എ.ഐ.വൈ.എഫ് നെൽകൃഷി തുടങ്ങി

തളിപ്പറമ്പ: ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എ.ഐ.വൈ.എഫ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലാതല ഉദ്ഘാടനം പട്ടുവത്ത് സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സി.എൻ. ചന്ദ്രൻ നിർവഹിച്ചു. തരിശ് കൈപ്പാട് നെൽകൃഷിയുടെ ഭാഗമായി വിത്തിറക്കി നിരവധി വർഷങ്ങളായി കൃഷി നടത്താതെ തരിശിട്ട 12 ഏക്കർ സ്ഥലമാണ് എ.ഐ.വൈ.എഫ് പ്രവർത്തകർ നെൽകൃഷിക്കായി തിരഞ്ഞെടുത്തത്. കെ.വി. സാഗർ അധ്യക്ഷത വഹിച്ചു. സി.പി. ഷൈജൻ, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി.കെ. സുരേഷ്ബാബു, കൃഷി ഡെപ്യൂട്ടി ഡയറക്ടർ സി. വിജയൻ, പട്ടുവം കൃഷി ഓഫീസർ പ്രീത, എം.എസ്. നിഷാദ്, അഡ്വ. എം.സി. സജീഷ്, താവം ബാലകൃഷ്ണൻ, കെ.എം. സ്വപ്ന, പി.വി. ബാബുരാജേന്ദ്രൻ, വേലിക്കാത്ത് രാഘവൻ, പി. നാരായണൻ, ഇ.എ.വി. നമ്പൂതിരി, ടി. ഗോപി, ടി. വൈശാഖ് തുടങ്ങിയവർ സംസാരിച്ചു. കെ.വി. രജീഷ് സ്വാഗതം പറഞ്ഞു.

AIYF
4.6.2018

പട്ടുവത്ത് തരിശ് കൈപ്പാട് നെൽകൃഷി സി.പി.ഐ സംസ്ഥാന കമ്മിറ്റിയംഗം സി.എൻ.ചന്ദ്രൻ വിത്തിറക്കി ഉദ്ഘാടനം ചെയ്യുന്നു

ആലക്കോട് കെ.എസ്.എഫ്.ഇയിൽ പത്ത് ലക്ഷത്തിന്റെ ചിട്ടി ആരംഭിക്കുന്നു

ആലക്കോട്: ആലക്കോട് കെ.എസ്.എഫ്.ഇ ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ 10 ലക്ഷത്തിന്റെ മൾട്ടി ഡിവിഷൻ ചിട്ടി ആരംഭിക്കുന്നതാണെന്ന് മാനേജർ അറിയിച്ചു. 100 തവണയായി പ്രതിമാസം പതിനായിരം രൂപയാണ് അടവ്. വിശദ വിവരങ്ങൾക്ക് ഫോൺ: 0460 2255825, 9447797192

നവോദയ കൂട്ടായ്മ കപ്പണത്തട്ടിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിജയികൾക്കുള്ള ഉപഹാരം അപ്പച്ചൻ നൽകുന്നു

വീൽചെയർ വിതരണവും അനുമോദവും

ശ്രീകണ്ഠപുരം: എള്ളരഞ്ഞി ബൂത്ത് കോൺഗ്രസ് കമ്മിറ്റി, ഒ.ഐ.സി.സി. എന്നിവയുടെ നേതൃത്വത്തിൽ വീൽചെയർ വിതരണവും ഉന്നതവിജയികൾക്കുള്ള അനുമോദനവും നടത്തി. കെ.സി. ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ബൂത്ത് പ്രസിഡന്റ് ടി.വി. പ്രതാപൻ അധ്യക്ഷത വഹിച്ചു. കുവൈറ്റ് ഒ.ഐ.സി.സി. ഏർപ്പെടുത്തിയ വീൽചെയർ വിതരണവും നടത്തി.

ഡി.സി.സി. സെക്രട്ടറിമാരായ പി.ജെ. ആന്റണി, കെ.പി. ഗംഗാധരൻ, ബ്ലോക്ക് പ്രസിഡന്റ് എം.ഒ. മാധവൻ, മണ്ഡലം പ്രസിഡന്റ് പി.പി. ചന്ദ്രാംഗദൻ, ജോസഫീസ, സി.കെ. ബാലകൃഷ്ണൻ, കെ.പി. രാഘവൻ നമ്പ്യാർ സംസാരിച്ചു.

അനുമോദിച്ചു

തളിപ്പറമ്പ: നവോദയ കൂട്ടായ്മ കപ്പണത്തട്ടിന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി ഹയർസെക്കണ്ടറി പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ അനുമോദിച്ചു. ടി.സുരേഷ്കുമാർ അധ്യക്ഷനായി. അപ്പച്ചൻ ഉപഹാരം നൽകി. പി.എൻ.മധുസൂദനൻ സംസാരിച്ചു. കെ.വി.പ്രദീപൻ സ്വാഗതവും മിനി ഉമേഷ് നന്ദിയും പറഞ്ഞു.

മദ്യഷാപ്പിന് മുന്നിൽ സംഘർഷമുണ്ടാക്കിയത് പുറത്തുനിന്നുള്ള സംഘം

ആലക്കോട്: ആലക്കോട് വിദേശമദ്യഷാപ്പിന് മുന്നിൽ കഴിഞ്ഞ ദിവസം രാത്രിയിൽ സംഘർഷമുണ്ടാക്കിയത് പുറത്തുനിന്നുള്ള സംഘമാണെന്ന് കൺസ്യൂമർഫെഡ് അധികൃതർ അറിയിച്ചു. മദ്യം വാങ്ങാനെത്തിയ കാർത്തികപുരം സ്വദേശിയാണ് സംഘർഷത്തിന് തുടക്കമിട്ടത്. 1050 രൂപയുടെ മദ്യം വാങ്ങിയ ഇയാൾ നൽകിയ 2000 രൂപയുടെ ബാക്കി തുകയായ 950 രൂപ ജീവനക്കാരൻ കൃത്യമായി തിരിച്ച് നൽകുകയും ചെയ്തു. ഇതിന് ശേഷം അനാവശ്യമായി ജീവനക്കാരെ ചീത്ത വിളിച്ച ഇയാളെ ക്യൂവിൽ നിന്ന ആളുകൾ തന്നെയാണ് പിടിച്ചുമാറ്റിവിട്ടത്. പിന്നീട് യാതൊരു പ്രകോപനവുമില്ലാതെ പുറത്ത് നിന്ന് സംഘടിച്ചെത്തിയ ആറോളം ആളുകൾ ചേർന്ന് മദ്യഷോപ്പിന് മുന്നിൽ വെച്ച് ജീവനക്കാരനെ ക്രൂരമായി മർദിക്കുകയും ഷർട്ട് വലിച്ച് കീറുകയും പോക്കറ്റിലുണ്ടായിരുന്ന പതിനായിരം രൂപ കവരുകയുമായിരുന്നു. ജീവനക്കാരനെ ആക്രമിച്ച് പണം തട്ടിയെടുത്തത് സംബന്ധിച്ച് ആലക്കോട് പോലീസിൽ പരാതി നൽകിയിട്ടുണ്ട്. യാതൊരു തെറ്റും ചെയ്യാത്ത ജീവനക്കാരനെ പുറത്തുനിന്നെത്തിയ സംഘം കരുതിക്കൂട്ടി ആക്രമിക്കുകയായിരുന്നുവെന്നും ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടു.

ആലക്കോട് ഫ്രണ്ട്സ് ബൈക്ക് പോയന്റ് നവീകരിച്ച ഷോറൂം കെ.എം. ഹരിദാസ് ഉദ്ഘാടനം ചെയ്യുന്നു.

നവീകരിച്ച ഫ്രണ്ട്സ് ബൈക്ക് പോയന്റ് ഉദ്ഘാടനം ചെയ്തു

ആലക്കോട്: ആലക്കോട് എൻ.എസ്.എസ് സ്കൂളിന് സമീപം പ്രവർത്തിച്ച് വന്ന ഫ്രണ്ട്സ് ബൈക്ക് പോയന്റ് ആലക്കോട്-അരങ്ങം റോഡിലെ പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു. നവീകരിച്ച ഷോറൂം കെ.വി.വി.ഇ.എസ്. യൂണിറ്റ് പ്രസിഡണ്ട് കെ. എം. ഹരിദാസ് ഉദ്ഘാടനം ചെയ്തു. ഫാ. ലിന്റോ സ്റ്റാൻലി വെഞ്ചെരിപ്പ് നിർവഹിച്ചു. ആലക്കോട് എസ്.ഐ ടി. സുനിൽകുമാർ ആദ്യ വിൽപ്പന നിർവഹിച്ചു. എം. കാളീശ്വരൻ ഏറ്റുവാങ്ങി. റോയി മാത്യു സ്വാഗതം പറഞ്ഞു.

അധ്യാപക ഒഴിവ്

തളിപ്പറമ്പ: മൂത്തേടത്ത് അൺ-എയ്ഡഡ് ഹയർസെക്കണ്ടറി വിഭാഗത്തിൽ കൊമേഴ്സ് അധ്യാപകന്റെ ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

ശ്രീകണ്ഠപുരത്തെ പട്ടിക ജാതി പ്രീ-മെട്രിക് ഹോസ്റ്റൽ ഒൻപതിന് തുറക്കും

ശ്രീകണ്ഠപുരം: കോട്ടൂരിലെ പട്ടികജാതി പ്രീ- മെട്രിക് ഹോസ്റ്റലിന്റെ ഉദ്ഘാടനം ജൂൺ ഒൻപത് നടക്കും. മന്ത്രി എ.കെ. ബാലൻ ഉദ്ഘാടനം ചെയ്യും. കെ.സി. ജോസഫ് എം.എൽ.എ. അധ്യക്ഷത വഹിക്കും. പി.കെ. ശ്രീമതി എം.പി. മുഖ്യാഥിയാകും. പതിനഞ്ച് വർഷങ്ങൾക്ക് മുൻപാണ് ശ്രീകണ്ഠപുരത്ത് പട്ടികജാതി പ്രീ- മെട്രിക് ഹോസ്റ്റൽ അനുവദിച്ചത്. ആദ്യം കോട്ടൂരിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചത്. കെട്ടിടം അപകടാവസ്ഥയിലായതിനു ശേഷം ഹോസ്റ്റൽ കാവുമ്പായിലേക്ക് മാറ്റി.

സ്വന്തമായി കെട്ടിടം എടുക്കണമെന്ന ആവശ്യമുയർന്നതിനെ തുടർന്ന് പട്ടിക ജാതി വികസന വകുപ്പ് 30 ലക്ഷം രൂപ ചെലവിട്ട് ശ്രീകണ്ഠപുരം കോട്ടൂരിൽ ഹോസ്റ്റലിനു വേണ്ട സ്ഥലം എറ്റെടുത്തു. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് അഞ്ച് വർഷം മുൻപ് അനുവദിച്ച 45 ലക്ഷം രൂപ ഉപയോഗിച്ച് കോട്ടൂരിൽ കെട്ടിടം നിർമ്മിച്ചു. പണി ഘട്ടം ഘട്ടമായാണ് പൂർത്തിയായത്. എല്ലാ ആധുനിക സൗകര്യങ്ങളും ഹോസ്റ്റലിൽ ഒരുക്കിയിട്ടുണ്ട്. വൈദ്യുതിയും കുടിവെള്ളവും ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലിന്റെ ചുറ്റുമതിലിന്റെയും ഗേറ്റിന്റെയും നിർമാണവും പൂർത്തിയായി.

നിലവിൽ കാവുമ്പായിലെ താൽക്കാലിക കെട്ടിടത്തിലാണ് കുട്ടികൾ താമസിക്കുന്നത്. ഏരുവേശി, പയ്യാവൂർ, മലപ്പട്ടം, ചെങ്ങളായി എന്നീ പഞ്ചായത്തുകളിലെ പട്ടികജാതി വിദ്യാർഥികൾക്ക് താമസിച്ചു പഠിക്കാനാണ് ഇവിടെ പ്രീ- മെട്രിക് ഹോസ്റ്റൽ തുടങ്ങിയത്.

ശ്രീകണ്ഠപുരത്ത് ഉദ്ഘാടനത്തിന് ഒരുങ്ങിയ പ്രീ-മെട്രിക്ക് ഹോസ്റ്റൽ കെട്ടിടം.

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്
സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ
പൂക്കോത്ത്നട തളിപ്പറമ്പ | ആലക്കോട് റോഡ് മന്ന, തളിപ്പറമ്പ
Ph: 9446774253, Mob: 9961664253
പരിചയസമ്പന്നരായ തൊഴിലാളികൾ
ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

കമ്പ്യൂട്ടർ കോഴ്സിന് ചേരുന്ന മുഴുവൻ പേർക്കും കമ്പ്യൂട്ടർ സൗജന്യം
കോഴ്സിന് ചേർന്ന ഉടനെ കമ്പ്യൂട്ടർ സ്വന്തമാക്കാം....
സൗജന്യ കമ്പ്യൂട്ടർ പദ്ധതിയുമായി ഐ.ടി പാർക്ക് 9ാം ഘട്ടത്തിലേക്ക്
ഈ കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രം.
രജിസ്ട്രേഷൻ ഫോണിലൂടെ ചെയ്യാവുന്നതാണ്.
രജിസ്റ്റർ ചെയ്യുന്നതിന് വിളിക്കുക 9605995007.
കോഴ്സിനു ചേരുമ്പോൾ ജോലി ഉറപ്പ് നൽകുന്നു...
കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത SSLC
IT PARK Computer
Regd. By Govt. of India
Mahatma Complex, Taliparamba
Ph: 04602 204002 Mob:9605995007

ESTABLISHMENT OF RESPONSIBLE TOURISM VILLAGE AT EZHOME
(The ezhome service co-op bank LTD NO.C. 1508 Ezhome, Kannur Dist Ph: 04972870232
(email;ezhomebank@gmail.com)
NO;ESCB/02/2018 Date: 02/06/2018
TENDER NOTICE
Sealed bids (two Envelop system)are invited for design, Construction, Supply, testing & Commissoning of a ONE BED ROOM HOUSE BOAT with following Specifications
1. Hull-Length 75X15 Fee
2. 40 Seater TATA Steel-8 MM
3. Engine-merine Diesal gear-hydrolic
4. Super Structure with One Bed Room Attached bath Room-Common Toilet,crue Toilet-Kitchen Looby-Stair Case All under kerala Inland Vessal (Kiv) Rules EMD-60000-Cost of Tender Document 2500+GST 18% Tender Documents and other detailes can be purchased from our office as per Schedule Given below.
Date of Reliese of Tender - 12-06-2018
Submission Starts - 12-06-2018
Last date of Purchase of Tender - 25-06-2018
Submission Ends at - 27-6-2018@3pm
Tender bid Opening - 29-06-2018@3 pm
Place: Ezhome
Date: 02/06/2018
Secretary (Sd)